ICPS4(B)/7413/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 27/10/2016

**സർക്കുലർ**

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS- ജില്ലാ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെ പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാർക്കും മറ്റ് ജീവനക്കാർക്കും ഹോണറേറിയം, യാത്രാബത്ത എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:-

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ പങ്കെടുക്കുന്ന മജിസ്ട്രേറ്റ്, പബ്ലിക്ക് പ്രോസിക്യൂട്ടർമാർ എന്നിവരുടെ ഹോണറേറിയം, യാത്രാബത്ത എന്നിവ സംബന്ധിച്ച ചെലവുകൾ 2235-02-102-94(NP) എന്ന ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്.

മേൽ പറഞ്ഞവരുടെ യാത്രാബത്ത ബില്ലുകൾ നിലവിൽ ഐ.സി.പി.എസ് കാര്യാലയത്തിൽ നിന്നും പാസാക്കി നൽകി വരുന്നു. ബില്ലുകൾ പാസാക്കി തുക അലോട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 01/11/2016 മുതൽ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ പങ്കെടുക്കുന്ന മജിസ്ട്രേറ്റ്, പബ്ലിക്ക് പ്രോസിക്യൂട്ടർമാർ, മറ്റ് ജീവനക്കാർ തുടങ്ങിയവരുടെ TA ബില്ലുകൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർ പാസ്സാക്കി നൽകേണ്ടതാണ്.

ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ പങ്കെടുക്കുന്നതിനുള്ള ഹോണറേറിയം, യാത്രാബത്ത എന്നിവയ്ക്കുള്ള ബില്ലുകൾ കോടതികളിലെ ഓഫീസിൽ തയ്യാറാക്കി ബന്ധപ്പെട്ട ജെ ജെ സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. സ്ഥാപനാധികാരി ബില്ലുകൾ പരിശോധിച്ച് തുക പാസ്സാക്കുന്നതിനായി ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(PTO)

ഇതിനുള്ള അലോട്ട്മെന്റ് ലഭിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മജിസ്ട്രേറ്റിന്റെയും ജീവനക്കാരുടെയും ട്രഷറി DDO കോഡ് സഹിതം വിശദമായ പ്രൊപ്പോസൽ സാമൂഹ്യ നീതി ഡയറക്ടർക്ക് (സാമൂഹ്യ നീതി ഡയറക്ടറേറ്റ് A സെക്ഷൻ) സമർപ്പിക്കേണ്ടതുമാണ്.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

എല്ലാ ജില്ലാ ജെ ജെ സ്ഥാപന സൂപ്രണ്ട്മാർക്കും

എല്ലാ ജില്ലാ JJB പ്രിൻസിപ്പൽ മജിസ്ട്രേറ്റ്മാർക്കും (ആമുഖ കത്ത് സഹിതം)

പകർപ്പ്:

1.എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

2.അക്കൗണ്ട് (A) സെക്ഷൻ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്

3.പ്രോഗ്രാം മാനേജർ, ഐ.സി.പി.എസ്

4.ICPS 3

5.ICPS 4

6.സ്റ്റോക്ക് ഫയൽ